**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1247** **14-03-2022 - ൽ മറുപടിയ്ക്ക്**

**പ്രാദേശിക ടൂറിസം ഡെസ്റ്റിനേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തരം ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; | (എ) | കോവിഡ് വ്യാപനം താറുമാറാക്കിയ ടൂറിസം രംഗത്തെ കൈപിടിച്ചുയർത്താൻ വിവിധങ്ങളായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. അതിൽ ഏറ്റവും പ്രധാനം ടൂറിസം മേഖലയിലുള്ളവർക്കായി നടപ്പിലാക്കിയ ലോൺസ്കീമുകളും ഒറ്റത്തവണ ധനസഹായ പദ്ധതികളും റിവോൾവിംഗ് ഫണ്ട് പദ്ധതിയുമാണ്. നമ്മുടെ നാട് സഞ്ചാരികൾക്ക് സുരക്ഷിതമാണ് എന്ന രീതിയിൽ സംഘടിപ്പിച്ച പോസ്റ്റ് കോവിഡ് ക്യാമ്പയിനുകളും ഏറെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ഇതിന് പുറമെ നടപ്പാക്കിയ നൂതന പദ്ധതിയാണ് കാരവൻ ടൂറിസം. സഞ്ചാരികൾക്ക് വിവിധ സ്ഥലങ്ങളെക്കുറിച്ച് വിവരം നൽകുന്ന മൊബൈൽ ആപ്പും പുറത്തിറക്കിയിരുന്നു. പോസ്റ്റ് കോവിഡ് ഡൊമസ്റ്റിക് ക്യാമ്പയിനും സംഘടിപ്പിച്ചു. 2022 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ രാജ്യത്തും വിദേശത്തുമുള്ള വിവിധങ്ങളായ ട്രേഡ്ഫെയറുകളിൽ വകുപ്പ് പങ്കെടുക്കുന്നുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ പ്രധാന പട്ടണങ്ങളിലും മാഡ്രിഡ്, മിലാൻ തുടങ്ങിയ സ്ഥലങ്ങളിലും വകുപ്പ് B2B മീറ്റുകൾ സംഘടിപ്പിച്ചിരുന്നു. നവംബറിൽ ലണ്ടൻ WTM -ൽ പങ്കെടുത്തു. ദുബായ് എക്സ്പോ 2022-ലും വകുപ്പ് പങ്കെടുത്തു. ഇതിന് പുറമെ നാഷണൽ ഇന്റർനാഷണൽ റീ ഓപ്പണിംഗ് ക്യാമ്പയിനും നാഷണൽ വിന്റർ ക്യാമ്പയിനും സംഘടിപ്പിക്കുന്നുണ്ട്. കേരളം യാത്രയ്ക്ക് ഏറ്റവും സുരക്ഷിതം എന്ന രീതിയിൽ പോസ്റ്റ് കോവിഡ് റീ അഷ്വറൻസ് ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലും ഡിജിറ്റൽ മീഡിയ വഴിയും നടത്തുകയുണ്ടായി. |
| (ബി) | പ്രാദേശിക ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തിയുള്ള ടൂറിസം വികസന പദ്ധതികളുടെ നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ജില്ലകളിൽ ഇവയുടെ | (ബി) | പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളുടെ ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള |

| | | | |
|---|---|---|---|
| | ക്രോഡീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | | നടപടികൾ സ്വീകരിച്ചു വരുന്നു. അതാത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി ടൂറിസം – പൊതുമരാമത്ത് വകുപ്പ് മന്ത്രി യോഗം നടത്തി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചു വരുന്നു. കൂടാതെ ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുക എന്നതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഈ വിഷയത്തിൽ പരിശീലനം നൽകുന്നതിന് വേണ്ട പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 50 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ടൂറിസവുമായി ബന്ധപ്പെട്ടുള്ള ഹോം സ്റ്റേ ഉൾപ്പെടെയുള്ള സംരംഭങ്ങൾക്ക് ലൈസൻസ് ഉൾപ്പെടെയുള്ള അനുവാദങ്ങൾ ലഭിക്കുവാൻ ഒരു സിംഗിൾ വിൻഡോ സംവിധാനം രൂപപ്പെടുത്തുമോ; | (സി) | ഹോംസ്റ്റേ ഉൾപ്പെടെയുള്ള സംരംഭങ്ങൾക്ക് ടൂറിസം വകുപ്പ് നിലവിൽ ലൈസൻസ് നൽകുന്നില്ല. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസ് ആണ് ഹോംസ്റ്റേകൾക്ക് ഉള്ളത്. ടൂറിസം വകുപ്പ് ഹോംസ്റ്റേകളുടെ ഗുണനിലവാരം പരിശോധിച്ച് ക്ലാസ്സിഫിക്കേഷൻ നൽകിവരുന്നുണ്ട്. ഇക്കാര്യത്തിലുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന്റ ഭാഗമായി ഒരു ഓൺലൈൻ അപേക്ഷാ സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (ഡി) | ഹൗസ് ബോട്ട് സർവ്വീസ് പൂർണമായും ടൂറിസം വകുപ്പിന്റെ കീഴിലായതിനാൽ ലൈസൻസ് നൽകുന്നതിനും ഹൗസ് ബോട്ടുകളുടെ പരിശോധനകൾക്കുമുള്ള അധികാരം ടൂറിസം വകുപ്പിന് ഏറ്റെടുക്കുവാൻ കഴിയുമോ എന്നറിയിക്കാമോ? | (ഡി) | സംസ്ഥാനത്തെ വിവിധ ജലാശയങ്ങളിൽ സർവ്വീസ് നടത്തിവരുന്ന ഹൗസ് ബോട്ടുകൾക്ക് നിലവിൽ പ്രവർത്തിക്കുന്നതിന് വിവിധങ്ങളായ ലൈസൻസുകളും അനുമതിയും ആവശ്യമാണ്. തുറമുഖ വകുപ്പ് നൽകുന്ന ലൈസൻസ് ആണ് ഇതിൽ പ്രധാനം. എന്നാൽ ഹൗസ് ബോട്ടുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ഒരു ക്ലാസ്സിഫിക്കേഷൻ സിസ്റ്റം ടൂറിസം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. സിൽവർ വെസ്സൽ, ഗോൾഡ് വെസ്സൽ, ഡയമണ്ട് വെസ്സൽ എന്നിങ്ങനെ ക്ലാസ്സിഫിക്കേഷൻ നൽകാനാണ് ഈ സിസ്റ്റം ഉപയോഗിക്കുന്നത്. നിലവിൽ വിവിധങ്ങളായ പരിശോധനകളും മറ്റും നടത്തി സാങ്കേതികമായ പല കാര്യങ്ങളും പരിശോധിച്ചാണ് തുറമുഖ വകുപ്പ് ഹൗസ് ബോട്ടുകൾക്ക് ലൈസൻസ് നൽകുന്നത്. വിനോദസഞ്ചാര വകുപ്പിന് ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നതിന് സാങ്കേതികമായ പരിമിതികൾ ഉള്ളതിനാൽ ഹൗസ് ബോട്ടുകളുടെ ലൈസൻസ് ഇപ്പോൾ ഉള്ള രീതിയിൽതന്നെ തുടരുന്നതാകും അഭികാമ്യം. |

സെക്ഷൻ ഓഫീസർ